# എസ്.എസ്.എൽ.സി./ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി പരീക്ഷാദിവസങ്ങളിലെ ബെൽടൈമിംഗ് - പ്രവർത്തനങ്ങൾ

1. **9.30 ഫസ്റ്റ്ബെൽ (ലോങ്ബെൽ)**

എല്ലാ ഇൻവിജിലേറ്റർമാരും നിയോഗിക്കപ്പെട്ട ക്ലാസുകളിലേയ്ക്ക് പോകുന്നു.

- എല്ലാ വിദ്യാർത്ഥികളെയും ക്ലാസിൽ പ്രവേശിപ്പിക്കുന്നു.
- എല്ലാ വിദ്യാർത്ഥികളുടേയും ഹാൾടിക്കറ്റ് പരിശോധിക്കുന്നു.
- iExaMSൽ നിന്നും ലഭ്യമാകുന്ന അറ്റൻഡന്റ്സ് ഷീറ്റിൽ ഹാജർ രേഖപ്പെടുത്തുന്നു.
- വിദ്യാർത്ഥികൾക്ക് മെയിൻ ഉത്തരക്കടലാസ് നൽകുന്നു.
- ഫെയിസിംഗ് ഷീറ്റീൽ രജിസ്റ്റർ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തുവാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു.
- ചീഫ്/ഡെപ്യൂട്ടി എന്നിവർ ചോദ്യപേപ്പർ റൂമുകളിൽ എത്തിക്കുന്നു.
- ചീഫ്/ഡെപ്യൂട്ടി എന്നിവർ നൽകുന്ന പായ്ക്കറ്റുകൾ അതാത് ദിവസത്തെ ചോദ്യപേപ്പർ തന്നെയെന്ന് ഉറപ്പുവരുത്തി ചോദ്യപേപ്പർ സ്വീകരിക്കുക.
- 9.45 എ.എം. സെക്കന്റ് ബെൽ (2 സ്ട്രോക്ക്)
- 9.45 ന് ചോദ്യപേപ്പറുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു.
- 9.45 മുതൽ 10 മണിവരെ കൂൾ ഓഫ്ടൈം.
- ഈ സമയം വിദ്യാർത്ഥികളുടെ രജിസ്റ്റർ നമ്പർ, അഡ്മിഷൻ ടിക്കറ്റുമായി ഒത്തുനോക്കി ശരിയാണെന്ന് ഉറപ്പുവരുത്തുന്നു. ഫെയിസിംഗ് ഷീറ്റിൽ ഇൻവിജിലേറ്റർ ഒപ്പ് രേഖപ്പെടുത്തുന്നു.
- 10.എ.എം തേർഡ്ബെൽ (ലോങ്ബെൽ) വിദ്യാർത്ഥികൾ പരീക്ഷ എഴുതി തുടങ്ങുന്നു.
- 10.30 എ.എം. - ബെൽ (1 സ്ട്രോക്ക്)
- 11.00 എ.എം. - ബെൽ (2 സ്ട്രോക്ക്)
- 11. 30 എ.എം. - ബെൽ (1സ്ട്രോക്ക്)
- 12.00 നൂൺ - ബെൽ (2 സ്ട്രോക്ക്)
- 12.25 പി.എം. - ബെൽ (1സ്ട്രോക്ക്)- വാണിംഗ്ബെൽ
- 12. 30 പി.എം. - (ലോങ്ബെൽ) വിദ്യാർത്ഥികൾ പരീക്ഷ പൂർത്തീകരിക്കുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

1) എസ്.എസ്.എൽ.സി. പരീക്ഷ മാത്രം നടക്കുന്ന വിദ്യാലയങ്ങളിൽ ഒന്നരമണിക്കൂർ ദൈർഘ്യമുള്ള എസ്.എസ്.എൽ.സി. പരീക്ഷകൾക്ക് 11.25 ന് വാണിംഗ്ബെല്ലും (1 സ്ട്രോക്ക്) 11.30 ന് ലോങ്ബെല്ലും അടിക്കേണ്ടതാണ്.

2) എസ്.എസ്.എൽ.സി. /ഹയർസെക്കന്ററി/വി.എച്ച്.എസ്.ഇ. പരീക്ഷകൾ ഒരുമിച്ച് നടത്തപ്പെടുന്ന വിദ്യാലയങ്ങളിൽ ഒന്നരമണിക്കൂർ പരീക്ഷകൾക്ക് 11.30 ന് ലോങ്ബെല്ലും, 11.25 ന് വാണിംഗ്ബെല്ലും അടിക്കേണ്ടതില്ല. ഇൻവിജിലേറ്റർമാർ 11.25 ന് കുട്ടികളോട് സമയം അനൗൺസ് ചെയ്യുകയും 11.30 ന് പരീക്ഷാ നടപടികൾ പൂർത്തീകരിക്കേണ്ടതുമാണ്.

3) എസ്.എസ്.എൽ.സി./ഹയർസെക്കന്ററി പരീക്ഷകൾ സംയുക്തമായി നടക്കുന്ന ക്ലാസ് മുറികളിൽ എസ്.എസ്.എൽ.സി ഒന്നരമണിക്കൂർ പരീക്ഷ നടക്കുന്ന ദിവസങ്ങളിൽ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ ഇൻവിജിലേറ്റർമാർ ശേഖരിക്കുകയും, സുരക്ഷിതമായി സൂക്ഷിക്കുകയും ഹയർസെക്കന്ററി പരീക്ഷ കൂടി അവസാനിച്ചശേഷം ബന്ധപ്പെട്ട ചീഫ്സൂപ്രണ്ടുമാരെ ഏൽപ്പിക്കേണ്ടതുമാണ്.

4) എസ്.എസ്.എൽ.സി. /ഹയർസെക്കന്ററി/ വി.എച്ച്.എസ്.ഇ. പരീക്ഷകളുടെ ഉത്തരക്കടലാസുകൾ സി.വി. കവറുകളിലാക്കി ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പുകളിലേയ്ക്ക് അയയ്ക്കുന്ന പ്രവർത്തനം അതാത് ചീഫ്സൂപ്രണ്ടുമാർ നിശ്ചയിക്കുന്ന പ്രത്യേകമുറികളിൽ ക്രമീകരിക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ